Single Window System for
Higher Secondary (Vocational)
Admission 2026-27

**പൊതു വിദ്യാഭ്യാസ വകുപ്പ്**
**ഹയർസെക്കണ്ടറി(വൊക്കേഷണൽ)വിഭാഗം**

## ട്രാൻസ്ഫർ അലോട്ട്മെന്റ്
## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. ഓരോ സ്കൂളിലും നിലവിലുള്ള ഒഴിവുകളുടെ എണ്ണം https://admission.vhseportal.kerala.gov.in എന്ന അഡ്മിഷൻ സൈറ്റിലെ Vacancy എന്ന ലിങ്കിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
2. ഏതെങ്കിലും ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളിൽ സ്ഥിരപ്രവേശനം നേടിയ വിദ്യാർത്ഥികൾക്കാണ് ട്രാൻസ്ഫർ അപേക്ഷിക്കാനുള്ള അവസരം.
3. വിഭിന്ന ശേഷി വിഭാഗത്തിൽ അലോട്ട്മെന്റ് ലഭിച്ച കുട്ടികൾക്ക് ട്രാൻസ്ഫർ അപേക്ഷ സമർപ്പിക്കാനാവില്ല.
4. ട്രാൻസ്ഫർ അപേക്ഷ സമർപ്പിക്കുമ്പോൾ ഒരു സ്കൂളിൽ നിന്നും മറ്റൊരു സ്കൂളിലെ ഏതെങ്കിലും കോഴ്സിലേക്കോ, അതേ സ്കൂളിലെ തന്നെ മറ്റൊരു കോഴ്സ് മാറ്റത്തിനോ അപേക്ഷിക്കാവുന്നതാണ്.
5. അപേക്ഷിക്കുന്ന സ്കൂളിൽ/കോഴ്സിൽ ഒഴിവുകളില്ലെങ്കിലും ട്രാൻസ്ഫർ അപേക്ഷ നൽകാവുന്നതാണ്.
6. https://admission.vhseportal.kerala.gov.in എന്ന വെബ്സൈറ്റിൽ മുഖ്യ അലോട്ട്മെന്റിനായി അപേക്ഷിച്ചപ്പോൾ ഉപയോഗിച്ച യൂസർഐഡിയും (ഫോൺനമ്പർ), പാസ്സ്‌വേർഡും നൽകി കാൻഡിഡേറ്റ് ലോഗിൻ ചെയ്ത് ആവശ്യമായ ഓപ്ഷനുകൾ ചേർത്ത് അപേക്ഷ കൺഫേം ചെയ്യണം. അപ്പോൾ ലഭിക്കുന്ന pdf രൂപത്തിലുള്ള അപേക്ഷയുടെ പ്രിന്റൗട്ട് അപേക്ഷകനും രക്ഷാകർത്താവും ഒപ്പ് വെച്ച് നിലവിൽ പ്രവേശനം നേടിയ സ്കൂളിലെ പ്രിൻസിപ്പലിന് സമർപ്പിക്കണം.
7. **ട്രാൻസ്ഫർ അപേക്ഷ സമർപ്പിച്ച്, ട്രാൻസ്ഫർ അലോട്ട്മെന്റ് ലഭിച്ചാൽ നിർബന്ധമായും വിദ്യാർത്ഥി ട്രാൻസ്ഫർ ലഭിച്ച സ്കൂളിൽ/കോഴ്സിൽ പ്രവേശനം നേടേണ്ടതാണ്.**
8. ട്രാൻസ്ഫറിനുള്ള അപേക്ഷ 30-07-2026 വൈകുന്നേരം 4.00 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

**ഏകജാലക കോ-ഓർഡിനേറ്റർ**